"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാഡമിക് - സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം - പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിംഗ് കോഴ്സ് പുനഃക്രമീകരിച്ച് പകരം പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ നിയോനാറ്റോളജി കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.269/2023/H&FWD തീയതി,തിരുവനന്തപുരം, 30-09-2023

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.09.2023 തീയതിയിലെ മെ.വി.വ./5219/2022-ബി4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ നിലവിലുള്ള പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിംഗ് കോഴ്സിന് (10 സീറ്റ്) ഏതാനും വർഷങ്ങളായി ആരും തന്നെ അഡ്മിഷൻ എടുക്കാത്തതിനാൽ പ്രസ്തുത കോഴ്സ് നിർത്തലാക്കി അതേ കാലയളവുള്ള INC അംഗീകാരമുള്ള പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ നിയോനാറ്റോളജി നഴ്സിംഗ് കോഴ്സ് (10 സീറ്റ് മാത്രം) ആരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ നടന്നു വരുന്ന ഡിപ്ലോമ ഇൻ നിയോനാറ്റോളജി നഴ്സിംഗ് കോഴ്സിലേയ്ക്ക് അഡ്മിഷനു വേണ്ടി ധാരാളം അപേക്ഷകൾ ലഭിക്കുന്നതായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 അധ്യയന വർഷം മുതൽ തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ നിലവിലെ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിംഗ് (10 സീറ്റ്) കോഴ്സ് പുനഃക്രമീകരിച്ച്, സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്തരീതിയിൽ, പകരം പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ നിയോനാറ്റോളജി നഴ്സിംഗ് കോഴ്സ് (10 സീറ്റ് മാത്രം) ആരംഭിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ നേഴ്സിംഗ് കോളേജ്, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ.

രജിസ്ട്രാർ, കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

സെക്രട്ടറി, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, ന്യൂ ഡൽഹി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 30-09-2023 16:22:41
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.